# കമലാ സുറയ്യയുടെ അന്ത്യകവിതകൾ വിളിച്ചു പറയുന്നത്

**മലയാളത്തിന്റെ** പ്രിയപ്പെട്ട എഴുത്തുകാരി കമലാ സുറയ്യയുടെ അന്ത്യകവിതകൾ എന്ന തലക്കെട്ടോടെ, *മാതൃഭൂമി* ആഴ്ചപ്പതിപ്പിൽ (2010 മാർച്ച് 21) കവി സച്ചിദാനന്ദൻ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ച കവിതകൾ, ബോധ്യപ്പെടലിന്റെ ആധികാരികതയോടെ തന്നെയാണ് തന്റെ മതപരിവർത്തനവും മനഃപരിവർത്തനവും സംഭവിച്ചിട്ടുള്ളതെന്ന് നിസ്തർക്കം വിളിച്ചുപറയുന്നുണ്ട്. എന്നാൽ മഹതിയുടെ ഉദ്ദേശ്യപൂർണതയെ തൃപ്തിപ്പെടുത്തുന്ന രീതിയിലുള്ള പരിപ്രേക്ഷ്യം കവിതാവതരണത്തിന് നൽകാതിരിക്കാനാണ് വാരിക ശ്രമിച്ചു കാണുന്നത്. നമ്മുടെ സാംസ്കാരിക ബൗദ്ധികതക്കുമേൽ സവർണ പക്ഷപാതിത്വമേൽപ്പിച്ചിട്ടുള്ള പ്രക്ഷാളനാഘാതങ്ങളാണ് ഈ ദുര്യോഗത്തിന് കാരണം. എന്നിട്ടും ആസ്വാദകരിൽനിന്നും യഥാർഥ വായനാനുഭവം മറച്ചുവെക്കപ്പെടുന്നില്ല. എങ്കിൽ പിന്നെ എന്തിനാണ് ഇത്തരം നിരർഥക ശ്രമങ്ങൾ?

കവിതകൾക്കാമുഖമായി പത്രാധിപർ നൽകിയിരിക്കുന്ന കുറിപ്പ് ഇങ്ങനെ: "ഈ കവിതകൾ ലോകത്തോടുള്ള കമലയുടെ അവസാനത്തെ ആത്മഭാഷണങ്ങളാണ്. ജീവിച്ചിരിക്കേ കമല വിശദീകരിച്ചിട്ടില്ലാത്ത ഓർമകളും പ്രണയവും വേദനകളും മതാനുഭവങ്ങളും രാഷ്ട്രീയവുമൊക്കെ ഈ വരികളിലൂടെ വെളിപ്പെടുന്നുണ്ട്. മരണമൊഴിയേക്കാൾ തീക്ഷ്ണമെന്ന് തോന്നിക്കുന്ന ജീവിത പ്രസ്താവനകൾ കൂടിയാണ് ഈ വരികൾ."

പത്രാധിപരുടെ ഈ നിരീക്ഷണങ്ങളെ സൂക്ഷ്മം, നിഷ്പക്ഷം, സത്യസന്ധം എന്നൊക്കെ വിശേഷിപ്പിക്കാം. പക്ഷേ, പുറംചട്ടയിൽ നൽകിയിട്ടുള്ള കവിതാ ഭാഗങ്ങൾ ഈ നിഷ്പക്ഷതക്കും സത്യസന്ധതക്കും മേലെ ചോദ്യചിഹ്നങ്ങളായി മാറുന്നത് കാണാതിരുന്നു കൂടാ.

തന്റെ വിലയിരുത്തലിന്റെ നിഷ്പക്ഷത കവിതയെ ആദ്യന്തം വായിക്കുന്നവർ മാത്രം അനുഭവിച്ചാൽ മതി; പുറംചട്ട വായിക്കുന്ന ബഹുഭൂരിപക്ഷവും ഉദ്ധൃത ഭാഗങ്ങൾ വായിച്ച് ഉറപ്പിക്കേണ്ട ധാരണ, കമലയുടെ മതപരിവർത്തനം യാഥാർഥ്യത്തിന്റെ പിൻകരുത്തില്ലാത്തതുതന്നെ എന്നായിരിക്കണം എന്ന് പത്രാധിപർ തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു. അങ്ങനെയല്ലെങ്കിൽ സന്ദർഭത്തിൽ നിന്നടർത്തിയെടുത്ത് കവിതാഭാഗങ്ങൾ പ്രസിദ്ധീകരിക്കേണ്ടതിന്റെ ആവശ്യമെന്ത്? അതും കവിതകൾ പൂർണമായും വാരികയിൽ പ്രസിദ്ധീകരിച്ചിരിക്കേ.

പത്രാധിപർ പുറംചട്ടയിൽ കൊടുത്ത കവിതാ ഭാഗങ്ങൾ ശ്രദ്ധിക്കുക:

"എനിക്കിഷ്ടമല്ലാ/ മൗലവിമാരുടെ സന്ദർശനം/ഇഷ്ടമല്ലാ അവരുടെ ചുരുളൻ താടികളും/ അസഹിഷ്ണുതയുടെ ആ നോട്ടവും/ മതം, ലോകത്തെ/ അന്യോന്യം വെറുക്കുന്ന മനുഷ്യപ്പറ്റങ്ങളായി/ പിരിക്കുന്നുവെങ്കിൽ/മതം അതിന്റെ കളികളിക്കുന്ന രീതി/ ഞാൻ ശ്രദ്ധിക്കാനേ പോകുന്നില്ല" (മുനാഫിഖ്).

"ഇന്നലെ ഒരു കാവിക്കാരൻ/ അഴകുമാഞ്ഞ ഒരു സ്ത്രീക്കൊപ്പം/ എന്നെ കാണാൻ വന്നു/ 'ഇപ്പോൾ തീരുമാനിക്കണം/ അന്ത്യം അടുത്തുവരുന്നു' അയാൾ ചീറി/ നിന്നെ ഏറ്റവും നല്ല ഹിന്ദു പാരമ്പര്യപ്രകാരം/ചിതയിൽ വയ്ക്കണമോ, അതോ/ മുസ്‌ലിമായി പള്ളിയിലേക്ക് വലിച്ചുകൊണ്ടു പോയി/ കുഴിച്ചിടണമോ/ ഒടുക്കത്തെ വിൽപത്രമെഴുതും പോലെ/ പ്രധാനമാണത്..." (കാവിക്കാർ).

ഈ കവിതകളുടെയും ഉദ്ധൃത ഭാഗത്തിന്റെ തുടർച്ചയെന്താണെന്ന് നോക്കൂ:

"ദൈവം മാത്രം എന്റെ കളിക്കൂട്ടുകാരനായിരിക്കട്ടെ/ അവനെ ഞാൻ എന്റെ രക്തപ്രവാഹത്തിൽ വഹിച്ചുകൊള്ളാം/ മതങ്ങൾക്ക് അതിരുകൾ തിരിക്കേണ്ടതിന്റെയും/ അവിശ്വാസിയെ, കാഫിറിനെ, മുനാഫിക്കിനെ/വെറുക്കേണ്ടതിന്റെയും ആവശ്യം/ ചർച്ച ചെയ്യാൻ വരുന്ന എല്ലാവരിലും നിന്ന്/ ഞാനവനെ ഒളിപ്പിച്ചു വച്ചുകൊള്ളാം...." (മുനാഫിഖ്)

"ഈ ശരീരത്തെ സ്വത്തായിട്ടൊന്നും/ ഞാൻ കരുതുന്നില്ല, ഇത് ഒരു മുടന്തിയുടെ/ അനുസരണംകെട്ട ചട്ടക്കൂട് മാത്രം/ അയാളുടെ ഗംഭീര നിർദേശത്തെ/ ചിരിച്ചുതള്ളാനായി ഞാൻ പറഞ്ഞു/ അയാൾ ഇളിഭ്യനായി................ കഷ്ടപ്പെട്ട് ഇവിടെ വരെ വന്നത്/ ഗുരുവിന് വെറുതെയായിത്തോന്നി" (കാവിക്കാർ).

ഈ വരികളുടെ സാരാംശമെന്താണ്? മനുഷ്യനെ മനുഷ്യനായി കാണാതെ, അവിശ്വാസിയെന്നും കാഫിറെന്നും മുനാഫിഖെന്നും തരംതിരിക്കുന്ന, കുടുസ്സിന്റെ പ്രതീകങ്ങളായ പൗരോഹിത്യക്കൂട്ടങ്ങ

ളുടെ ജൽപനങ്ങളിൽനിന്നും അസഹിഷ്ണുതയുടെ നോട്ടങ്ങളിൽനിന്നും അകന്നു നിൽക്കാനാഗ്രഹിക്കുന്നു കവയിത്രി. പക്ഷേ അത് തനിക്ക് ദൈവിക ദർശനത്തിനോടോ സമുദായത്തിനോടോ വിശ്വാസമോ പ്രതിപത്തിയോ ഇല്ലാത്തതുകൊണ്ടൊന്നുമല്ല. മറിച്ച്, മതത്തിന്റെ പേരിൽ അവർ കളിക്കുന്ന രീതി യഥാർഥത്തിൽ മതത്തിനന്യമാണ്. അതിനാൽ അവരുടെ ഈ ചെയ്തികൾ തന്നെ അലോസരപ്പെടുത്തുകയോ അസ്വസ്ഥപ്പെടുത്തുകയോ ഇല്ല.

ഇസ്‌ലാമിന്റെ വിശ്വമാനവികതയുടെ ഉദ്ഘോഷണവും വിശ്വാസ പ്രഖ്യാപനത്തിന്റെ ആർജവമാർന്ന ദാർഢ്യതയും വിളിച്ചോതുന്നതാണ് മുനാഫിഖ്, കാവിക്കാർ എന്നീ കവിതകൾ.

മനുഷ്യ സമൂഹത്തെ വിവിധ വർഗങ്ങളും ഗോത്രങ്ങളുമാക്കി തിരിച്ചിട്ടുള്ള ദൈവം, അടിമയുടെ ഉത്കൃഷ്ടതക്ക് മാനദണ്ഡമാക്കിയത് ദൈവഭയത്തിന്റെ ആഴം മാത്രമാണ്. മനുഷ്യന് മനുഷ്യനെ തരംതിരിക്കാനും വിലയിടാനും അധികാരമില്ല. പ്രവാചകൻ പോലും അങ്ങനെ ചെയ്തിട്ടില്ല.

വിശ്വാസി സമൂഹത്തെ നോക്കി അവരിൽ ഒരു വിഭാഗം കാഫിറാണ്, മറ്റൊരു വിഭാഗം മുനാഫിഖാണ് എന്നൊക്കെ പറഞ്ഞ് ദീനിന്റെ പേരിൽ പൗരോഹിത്യം കളിക്കുന്ന കളികളിൽ പങ്കുചേരാൻ താനാളല്ല. അത് തന്റെ വിശ്വാസദർശനത്തിന്റെ ലക്ഷ്യമല്ല. ദൈവവും പ്രവാചകനും വിലക്കിയ തിന്മകളിൽനിന്നും തന്റെ വിശ്വാസത്തെ സംരക്ഷിക്കും. അതിനുള്ള ഉൾക്കരുത്തും തഖ്‌വ(ദൈവഭയം)യും തന്റെ വിശ്വാസത്തിനുണ്ട്. ഈ പ്രഖ്യാപനമാണ് കമലാ സുറയ്യ മുനാഫിഖ് എന്ന കവിതയിലൂടെ യഥാർഥത്തിൽ നടത്തുന്നത്.

തന്റെ വിശ്വാസ പ്രഖ്യാപനം- ദൈവികവ്യവസ്ഥയുടെ പുൽകൽ- യാദൃഛികമല്ല; മറിച്ച് അനിവാര്യമായ ഹിദായത്തിന്റെ പൂർത്തീകരണം മാത്രമാകുന്നു, ഈ പ്രഖ്യാപനത്തിന്റെ നിദർശനമാണ് കാവിക്കാർ എന്ന കവിത.

വസ്തുതകൾ ഇങ്ങനെയായിരിക്കേ, ഈ കവിതകളുടെ ആത്മാവിനെ പിച്ചിച്ചീന്തുന്ന സമീപനം പുലർത്താൻ *മാതൃഭൂമി*യെ പ്രേരിപ്പിച്ച ചേതോവികാരം എന്താണ്?

**കമാൽ പെരിങ്ങാല**
kamalmtk@gmail.com

# വർഗീയ മീഡിയ ദിശ നിർണയിക്കുമ്പോൾ

**ജമാഅത്തെ** ഇസ്‌ലാമിക്കെതിരെ അടിസ്ഥാന രഹിതങ്ങളായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുക എന്നത് ചില വ്യക്തികളുടെയും സംഘടനകളുടെയും ഇഷ്ടവിനോദമാണ്. അവക്കൊക്കെ യുക്തിപൂർണമായ മറുപടി ജമാഅത്തിന്റെ ഉത്തരവാദപ്പെട്ടവർ നൽകിയിട്ടുണ്ടെങ്കിലും തങ്ങളുടെ ദുരാരോപണ ശീലത്തിൽനിന്ന് ഒരിഞ്ചുപോലും പുറകോട്ടു പോകാൻ അവർ തയാറല്ല.

സാഹിത്യത്തിലും സിനിമയിലും ജമാഅത്തിനെ വഴിവിട്ട പ്രസ്ഥാനമായി ചിലർ ചിത്രീകരിക്കാൻ ശ്രമിക്കുമ്പോൾ കെ.പി രാമനുണ്ണിയെപ്പോലെയുള്ളവർ ജമാഅത്തിനെ സത്യസന്ധമായി അവതരിപ്പിക്കാനും ശ്രമിച്ചിട്ടുണ്ട്. 'ജീവിതത്തിന്റെ പുസ്തകം' എന്ന കൃതിയിൽ ജമാഅത്തെ ഇസ്‌ലാമിയെ പറ്റി അദ്ദേഹം എഴുതുന്നു: "ജമാഅത്തെ ഇസ്‌ലാമിയിലുള്ളവർ ആത്മീയമായി നല്ല കരുത്തും കാമ്പുമുള്ളവരായി എനിക്ക് അനുഭവപ്പെട്ടിട്ടുണ്ട്. അവർക്ക് മതപരമായ പൊളിറ്റിക്സിൽ എന്തൊക്കെ ആശയങ്ങളുണ്ടെങ്കിലും അവർ അപകടങ്ങളിലേക്ക് പോകില്ല. എന്റെ നോവലിലെ കഥാപാത്രം സംഘട്ടനങ്ങളിൽ ഭാഗഭാക്കാവുകയോ അതിനെ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നില്ല." മറ്റൊരിടത്ത്: "ജമാഅത്തെ ഇസ്‌ലാമിയുടെയും സോളിഡാരിറ്റിയുടെയും എസ്.ഐ.ഒവിന്റെയും പല പരിപാടികളിലും ഞാൻ പങ്കെടുത്തിട്ടുണ്ട്. വളരെ സഹിഷ്ണുതയോടെയുള്ള, മതവിദ്വേഷത്തിന്റെ ഒരു കണികപോലുമില്ലാത്ത പെരുമാറ്റമാണ് എനിക്ക് ഇവരിൽനിന്നൊക്കെ അനുഭവിക്കാൻ കഴിഞ്ഞിട്ടുള്ളത്" (*പ്രബോധനം* അറുപതാം വാർഷികപ്പതിപ്പ്).

ഇസ്‌ലാം സമൂർത്തമായ ഒരു ജീവിതചര്യയാണെന്ന് മനസ്സിലാക്കിയത് *മാധ്യമ*ത്തിൽ ഔദ്യോഗിക ജീവിതം ആരംഭിച്ച ശേഷമുണ്ടായ സൗഹൃദങ്ങളിലൂടെയാണെന്ന് വയലാർ ഗോപകുമാറും സാക്ഷ്യപ്പെടുത്തുന്നു (*പ്രബോധനം*, 27.2.2010). പ്രഫ. ജഗന്നാഥപ്പണിക്കർ സാറാണ് ആദ്യമായി ഇസ്‌ലാംമതത്തെപ്പറ്റി വ്യക്തമായ കാഴ്ചപ്പാടുണ്ടാക്കിയതെന്നും ഏറ്റവും സംസ്കൃതമായ മതമാണ് ഇസ്‌ലാമെന്നും അദ്ദേഹം ഉദാഹരണ സഹിതം പറഞ്ഞുതന്നിട്ടുണ്ടെന്നും ഗോപകുമാർ എഴുതുന്നു.

വ്യക്തിബന്ധങ്ങളിലൂടെയും അയൽപക്ക ബന്ധങ്ങളിലൂടെയുമാണ് ആളുകൾ പരസ്പരം അറിയുന്നതും സുദൃഢമായ സ്നേഹബന്ധങ്ങൾ രൂപംകൊള്ളുന്നതും. എന്നാൽ ഇന്ന് അയൽപക്ക ബന്ധങ്ങളും ഇടപെടലുകളും ചുരുങ്ങിവരികയാണ്. ഈ ദുഃസ്ഥിതിയെപ്പറ്റി രാമനുണ്ണി പറയുന്നു: "ഇന്നത്തെ ഹിന്ദുകുട്ടികൾക്ക് പലപ്പോഴും മുസ്‌ലിം കുടുംബങ്ങളുമായി അനുഭവപരമായ ബന്ധം സ്ഥാപിക്കാനുള്ള സാഹചര്യം ഇല്ല. നമ്മുടെ കുട്ടികളെ അടുത്ത വീട്ടിലേക്കൊന്നും വിടില്ല. മറ്റുള്ളവരുടെ നന്മകളൊന്നും അനുഭവങ്ങളിലൂടെ അറിയാൻ കഴിയാത്ത ഒരു സമയത്ത് മീഡിയാ സ്വാധീനങ്ങളാണ് കാഴ്ചപ്പാടുകൾ

നിർണയിക്കുന്നത്" (*പ്രബോധനം* അറുപതാം വാർഷികപ്പതിപ്പ്)

ബന്ധങ്ങളും സൗഹൃദങ്ങളും നിലച്ച ഈ ശൂന്യതയിലേക്കാണ് മീഡിയ വിഷപ്പല്ലുകളുമായി കടന്നുവരുന്നത്. വർഗീയ മീഡിയ ദിശനിർണയിക്കുന്ന അവസ്ഥ അത്യന്തം അപകടകരമാണെന്ന് പറയേണ്ടതില്ല. പത്രങ്ങളുടെയും ദൃശ്യമാധ്യമങ്ങളുടെയും നുണക്കഥകളിൽ വിശ്വസിച്ച് പാവപ്പെട്ട അയൽക്കാരനെ ഭീകരവാദിയായി സംശയിക്കുന്നവരുടെ ജീവിതത്തിൽ സമാധാനം അസ്തമിക്കുന്നു. അയൽക്കാരനോട് ചിരിക്കാൻ പോലും പിശുക്കു കാണിക്കുന്ന ആധുനിക സംസ്കാര പശ്ചാത്തലത്തിൽ മാധ്യമങ്ങൾ വർഷിക്കുന്ന വർഗീയതയുടെ എൻഡോസൾഫാൻ കൂടിയാകുമ്പോൾ സാമൂഹിക ജീവിതത്തെ അത് വികൃതവും ഭീതിജനകവുമാക്കുന്നു.

വർഗീയ മീഡിയയുടെ കുതന്ത്രങ്ങൾ കരുതിയിരിക്കേണ്ടത് നാടിന്റെ നിലനിൽപിന്റെ കൂടി താൽപര്യമാണ്. മുസ്‌ലിം സമുദായത്തെയാകെ ഭീകരവാദികളായി ചിത്രീകരിക്കാനുള്ള മീഡിയയുടെ ദുഷ്ടലാക്ക് എല്ലാ സമുദായങ്ങളിലെയും നല്ലവരായ ജനം തിരിച്ചറിയണം. മീഡിയയുടെ ചതിയുടെ ദുരന്തം മുസ്‌ലിംകളെ മാത്രമല്ല ബാധിക്കുക. മതേതര ലേബലിൽ അറിയപ്പെടുന്ന പ്രസിദ്ധീകരണങ്ങളും ദൃശ്യമാധ്യമങ്ങളും കൂടി വർഗീയ പ്രചാരണങ്ങളിൽ പങ്കാളികളാകുമ്പോൾ അപകടം പതിന്മടങ്ങ് വർധിക്കുന്നു. പരസ്പര വിശ്വാസവും സ്നേഹവും തകർന്ന സമൂഹത്തിൽ ആർക്കാണ് സമാധാനത്തോടെ കഴിയാനാവുക?

**കെ.പി ഇസ്മാഈൽ കണ്ണൂർ**

# അവധിക്കാലം മഹല്ലുകൾ ഉണരണം

**കേരളത്തിൽ** അവധിക്കാലം ആരംഭിച്ചുകഴിഞ്ഞു. പൊതുവെ മതപഠനത്തോട് രക്ഷിതാക്കളും വിദ്യാർഥികളും കാണിക്കുന്ന നിസ്സംഗതയും വർധിച്ചുവരുന്ന കുറ്റകൃത്യങ്ങളും ആരുടെയും കണ്ണു തുറപ്പിക്കാൻ പോന്നതാണ്. സൈബർ കുറ്റകൃത്യങ്ങളുടെ വർധനവ് സമൂഹത്തിൽ ആശങ്ക പടർത്തുന്നു. വളർന്നു പന്തലിക്കുന്ന കുറ്റകൃത്യങ്ങൾക്ക് നേരെ 'കണ്ടു, കേട്ടു' എന്നതിലപ്പുറം ഒരു വിരലനക്കം പോലും സമുദായ നേതൃത്വത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. സദാചാര തകർച്ചക്ക് ആക്കം കൂട്ടുന്നതിൽ ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങിയവ വഹിക്കുന്ന പങ്ക് വലുതാണ്. എസ്.എസ്.എൽ.സിക്കും പ്ലസ്ടുവിനും പഠിക്കുന്ന വിദ്യാർഥികൾ അർധരാത്രി വരെ ഉറക്കമൊഴിച്ചു, കമ്പ്യൂട്ടറിന് മുമ്പിലിരുന്നു 'പഠിക്കുന്നു'. എന്ത് പഠനമാണ് തന്റെ കുട്ടി പഠിക്കുന്നതെന്നോ കമ്പ്യൂട്ടറിൽ അവന് പഠിക്കേണ്ട വിഷയങ്ങളെന്തെന്നോ മാതാപിതാക്കൾ അന്വേഷിക്കുന്നുമില്ല. കമ്പ്യൂട്ടർ സംബന്ധിച്ച് മാതാപിതാക്കളുടെ അറിവില്ലായ്മ കുട്ടികൾ അതിവിദഗ്ധമായി ചൂഷണം ചെയ്യുന്നു. ഇന്റർനെറ്റ് ഉപയോഗങ്ങളെ സംബന്ധിച്ച സാമാന്യ അറിവ് നേടിയില്ലെങ്കിൽ ഭാവിയിൽ സ്വന്തം മക്കളുടെ സദാചാര തകർച്ച മുമ്പിൽ കണ്ട് നമുക്ക് നഖം കടിക്കേണ്ടിവരും. ഈ ഒഴിവുകാലം ഓരോ മഹല്ല് കമ്മിറ്റിയും ഒറ്റക്കോ അടുത്ത മഹല്ലുകളുമായി സഹകരിച്ചോ നാട്ടിൽ വർധിച്ചുവരുന്ന ധാർമിക സദാചാര തകർച്ചക്കും കുറ്റകൃത്യങ്ങൾക്കും എതിരെ ബോധവത്കരണം നടത്താനും വിദ്യാർഥികളെയും യുവാക്കളെയും കുടുംബങ്ങളെയും സന്ദർശിച്ച് അവരുമായി സംവദിക്കാനും സമയം കാണുക. ഒപ്പം, ദീനീ പഠനം പാടെ തുടച്ചുമാറ്റി ഇംഗ്ലീഷ് പഠനം മാത്രം മുമ്പിൽ കണ്ട് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് തങ്ങളുടെ മക്കളെ അയക്കണമോ എന്നതിനെപ്പറ്റി ഓരോ രക്ഷിതാവും രണ്ടു വട്ടം ആലോചിക്കട്ടെ.

**എൻ.പി അബ്ദുൽ കരീം**
**ചേന്ദമംഗല്ലൂർ**

# ഒരു യുവജന പ്രസ്ഥാനവും മാധ്യമങ്ങളുടെ സമീപനവും

**കേരളത്തിൽ** ചുരുങ്ങിയ കാലംകൊണ്ട് സാമൂഹിക സേവന രംഗങ്ങളിലും പരിസ്ഥിതി സംരക്ഷണ മേഖലകളിലും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച യുവജന സംഘടനയാണ് സോളിഡാരിറ്റി. അവർ നടത്തിക്കൊണ്ടിരിക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇതിനകം സമൂഹത്തിന്റെ സവിശേഷ ശ്രദ്ധ നേടിയിട്ടുണ്ട്. പ്ലാച്ചിമടയിലെ കൊക്കക്കോള കമ്പനിക്കെതിരെയുള്ള പോരാട്ടം, ചെങ്ങറയിലെ ആദിവാസികൾക്ക് പിന്തുണ പ്രഖ്യാപിച്ചു നടത്തിയ സമരം, കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പുനരധിവാസ പദ്ധതി, കേരളത്തിന്റെ വിവിധ ഭാഗങ്ങളിലെ ഭവനരഹിതരായ എഴുന്നൂറോളം പേർക്കുള്ള ഭവന നിർമാണ പദ്ധതി, ഇപ്പോൾ 50 ഗ്രാമങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കുടിവെള്ള വിതരണ പദ്ധതി ഇതൊക്കെ ഏറെ ജനോപകാരപ്രദവും ശ്ലാഘനീയവുമാണെന്ന് ജനങ്ങൾ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടന വേളയിൽ കേരള ജലവിഭവ വകുപ്പ് മന്ത്രി എൻ.കെ പ്രേമച

ന്ദ്രൻ സോളിഡാരിറ്റി രൂപം നൽകിയ പല പദ്ധതികളും കേരള ഗവൺമെന്റിനു പോലും മാതൃകയായി മാറിയെന്നും സർക്കാർ പുതുതായി നടപ്പിലാക്കുന്ന പദ്ധതികളുടെ യഥാർഥ പ്രചോദനം സോളിഡാരിറ്റി എന്ന യുവജന പ്രസ്ഥാനമാണെന്നും ഒരു വലിയ സദസ്സിനെ അഭിമുഖീകരിച്ചുകൊണ്ട് പ്രഖ്യാപിച്ചത് നിസ്സാര കാര്യമല്ല. മതമൗലികവാദികൾ എന്ന് മുദ്രകുത്തി മാറ്റിനിർത്തുന്ന ഒരു പ്രസ്ഥാനത്തിന്റെ യുവജന വിഭാഗത്തെ അംഗീകരിക്കാനും മാതൃകയാക്കാനും കമ്യൂണിസ്റ്റ് ആശയക്കാരായ ഒരു സർക്കാർ മുന്നോട്ടുവന്നതും അഭിമാനാർഹമായ കാര്യം തന്നെയാണ്.

എന്നാൽ കേരളത്തിലെ ചില മുത്തശ്ശി പത്രങ്ങളും ദൃശ്യമാധ്യമങ്ങളും സോളിഡാരിറ്റിയെയും അതിന്റെ സേവന പ്രവർത്തനങ്ങളെയും തീർത്തും അവഗണിക്കുകയാണ്. മറ്റു സംഘടനകളുടെ നിസ്സാരമായ പ്രവർത്തനങ്ങൾക്ക് പോലും കവറേജ് നൽകുന്ന വാർത്താ മാധ്യമങ്ങൾ സോളിഡാരിറ്റിയുടെ പരിപാടികൾ കണ്ടില്ലെന്ന് നടിക്കുന്നു.

ഇവർ ഒരു കാര്യം മനസ്സിലാക്കുന്നത് നന്നായിരിക്കും. എത്രതന്നെ മൂടിവെച്ചാലും തിരസ്കരിച്ചാലും സത്യവും നീതിയും അത് കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമുള്ളേടത്തോളം നിലനിൽക്കുക തന്നെ ചെയ്യും. പൊതുജനങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും കണ്ടറിഞ്ഞ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് അതിന്റെ പ്രവർത്തനങ്ങൾക്ക് വിജയനിദാനമായി കാണുന്നത് നല്ലവരായ പൊതുസമൂഹത്തിന്റെ നിർലോഭമായ പിന്തുണയും സഹകരണവുമാണ്.

പി.പി ഇഖ്ബാൽ ഖത്തർ

# ആഴ്ചപ്പതിപ്പുകളുടെ ഇസ്‌ലാംവിരോധം

**ഏതാനും** നാളുകളായി കേരളത്തിൽ ഇറങ്ങുന്ന ചില ആഴ്ചപ്പതിപ്പുകളിൽ ഇസ്‌ലാംവിരോധം ഒരു സ്ഥിരം പംക്തിയായി മാറിയിരിക്കുകയാണ്. എല്ലാ ആഴ്ചയിലും ഇസ്‌ലാമുമായി ബന്ധപ്പെട്ട എന്തെങ്കിലും ഒരു വിഷയം ചില രണ്ടാംകിട കൂലി എഴുത്തുകാരെക്കൊണ്ട് എഴുതിച്ച് വിവാദമുണ്ടാക്കിയാലേ ആഴ്ചപ്പതിപ്പ് ചെലവാകൂ എന്നാണ് ഇവർ മനസ്സിലാക്കിയിരിക്കുന്നത്. മാർക്കറ്റിൽ പിടിച്ചുനിൽക്കാൻ പെടാപാട് പെടുന്ന ഈ ആഴ്ചപ്പതിപ്പുകൾക്ക് ഇസ്‌ലാംവിരോധം ഒരു വിപണനതന്ത്രമായി മാറിയിരിക്കുന്നു.

ഇവയിൽ ഭൂരിഭാഗത്തിനും വിരോധം ഇസ്‌ലാമിക പ്രസ്ഥാനത്തോടും മൗദൂദിയോടുമാണ്. ഇന്ന് സമൂഹത്തിൽ ഏറ്റവും മാർക്കറ്റുള്ളതിനെ വിമർശിക്കുക എന്ന തന്ത്രമാണ് ജമാഅത്തെ ഇസ്‌ലാമിയെയും മൗദൂദിയെയും തെരഞ്ഞെടുക്കാൻ ഇവരെ പ്രേരിപ്പിക്കുന്നത്. മറ്റു പല ഇസത്തെയും മാറി മാറി പരീക്ഷിച്ചു നോക്കിയെങ്കിലും അതിനൊന്നും കാര്യമായ മാർക്കറ്റ് കിട്ടിയില്ല. എഴുതുന്നതിനെ കുറിച്ച് ആഴ്ചപ്പതിപ്പിന് ഒരു ഉത്തരവാദിത്വവും ഇല്ലാത്തതുകൊണ്ട് എഴുതുന്നവന്റെ സകല വിവരക്കേടും വായിക്കേണ്ട ഗതികേടിലാണ് വായനക്കാർ. മുസ്‌ലിം സമൂഹത്തിന്റെ എല്ലാ രംഗത്തുമുള്ള ഉണർവിനോടുള്ള അസൂയപൂണ്ടാണോ ആഴ്ചപ്പതിപ്പിന്റെ മുതലാളിമാർ ഇങ്ങനെ ചെയ്യുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

പതിറ്റാണ്ടുകൾക്കു മുമ്പ് മൺമറഞ്ഞുപോയ മൗദൂദിയും ഇന്ത്യയിലെ ആദർശ പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമിയും കേരള സമൂഹത്തിൽ എപ്പോഴും ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കാൻ ഇടയാക്കുന്ന ഈ ആഴ്ചപ്പതിപ്പുകൾക്ക് പ്രത്യേക നന്ദി പറയണം.

ടി.ബി അഷ്റഫ് തായിക്കാട്ടുകര

# ന്യൂദൽഹി ഡയലോഗ്

***പ്രബോധനം*** 2010 മാർച്ച് 20 ലക്കത്തിൽ 'ഇസ്‌ലാമും പൗരസ്ത്യ മതങ്ങളും തമ്മിലെ പാരസ്പര്യം പങ്കുവെച്ച ഡയലോഗ്' എന്ന എന്റെ ലേഖനത്തിൽ കേരളത്തിൽനിന്ന് പങ്കെടുത്തവരുടെ ലിസ്റ്റിൽ രണ്ടു പേരെ വിട്ടുപോയി. ഡോ. ഹുസൈൻ മടവൂർ, അബ്ദുല്ല മൻഹാം. മലയാളിയായ ടി.കെ ഇബ്റാഹീം (ടൊറണ്ടോ) സാഹിബും ഡയലോഗിൽ പങ്കെടുക്കുകയുണ്ടായി.

വി.എ മുഹമ്മദ് അശ്റഫ്
കാക്കനാട്